# അക്കാദമിക് മാസ്റ്റർ പ്ലാൻ

S.V.H.S.S. Pandanad

Sub district : Chengannur

Educational district : Mavelikara

Revenue district : Alappuzha.

# ഉള്ളടക്കം.

1. ആമുഖം
പൊതുവായ ലക്ഷ്യങ്ങൾ.
2. സ്ത്രീകൾ ചരിത്രം.
3. സ്ത്രീകൾ മികവിന്റെ കാഴ്ചപ്പാട്
4. അവസ്ഥാ വിശകലനം.
5. പ്രശ്നങ്ങളും വെല്ലുവിളികളും.
6. പദ്ധതി രൂപീകരണം വിവിധ ഘട്ടങ്ങൾ
7. വിവിധ മേഖലാ പ്രവർത്തനങ്ങൾ
8. ഉപസംഹാരം.

# 1. ആമുഖം

അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഓരോ കുട്ടിയുടെയും കഴിവുകൾ വികസിപ്പിച്ച് സമഗ്ര ഗുണങ്ങൾ ലക്ഷ്യം വെച്ചുകൊണ്ട് മികവിന്റെ കേന്ദ്രമാക്കി വിദ്യാലയങ്ങളെ വളർത്തുന്നതിന് ലക്ഷ്യം വെച്ചുകൊണ്ടാണ് വിദ്യാലയ വികസന പദ്ധതിക്ക് രൂപം കൊടുത്തിട്ടുള്ളത്. പാഠപുസ്തകങ്ങൾക്ക് അപ്പുറത്തേക്ക് പഠനപ്രവർത്തനങ്ങളെ വികസിപ്പിച്ച് നിരന്തര മൂല്യ നിർണ്ണയത്തിന്റെ വിലയിരുത്തലുകൾ പ്രയോജനപ്പെടുത്തി ശിശുകേന്ദ്രീകൃതമായ പഠനം ക്ലാസ് റൂമുകളിൽ നടക്കുന്നതിൽ വിദ്യാഭ്യാസ അവകാശ നിയമം മുന്നോട്ട് വെക്കുന്ന ആശയങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ നിർണ്ണയിച്ചിട്ടുള്ളത്. ഇതിലേക്ക് നയിക്കുന്ന രീതിയിൽ ഭൗതികവും അക്കാദമികവും സാമൂഹികവുമായ കർമ്മ പദ്ധതികളിൽ അധ്യാപകർ, രക്ഷിതാക്കൾ, പൂർവ്വ വിദ്യാർത്ഥികൾ, സാമൂഹിക രാഷ്ട്രീയ സാംസ്കാരിക സന്നദ്ധ സംഘടനാ പ്രവർത്തകർ, വിവിധ സർക്കാർ സർക്കാരിതര ഏജൻസികൾ എന്നിവരുടെ കൂട്ടായ്മയിലൂടെ 5 വർഷത്തിനുള്ളിൽ ലക്ഷ്യം കൈവരിക്കുന്ന രീതിയിലാണ് ഈ പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്.

## പൊതുവായ ലക്ഷ്യങ്ങൾ.

* മത നിരപേക്ഷമായ ജനാധിപത്യ മൂല്യത്തിന് അധിഷ്ഠിതവും സൗജന്യവുമായ വിദ്യാഭ്യാസം എല്ലാ ജനവിഭാഗങ്ങൾക്കും ഉറപ്പ് വരുത്തുക.
* സ്കൂളിന്റെ ഭൗതിക സാഹചര്യം വർധിപ്പിക്കുക. I മുതൽ XII വരെയുള്ള ക്ലാസുകളിൽ വേണ്ട ശേഷികൾ നേടിയെടുക്കുക. [ മൂന്നു ഭാഷയിലും ഓരോ കുട്ടിയും ആശയ വിനിമയ ശേഷി നേടിയെടുക്കണം]
* ഭാരത സംസ്കാരത്തിന്റെ മൂല്യങ്ങൾ ഉൾക്കൊണ്ട് പുതിയ തലമുറയെ വാർത്തെടുക്കുക.
* പെൺകുട്ടികൾക്ക് പഠനവും അർഹമായ സ്ഥാനവും നൽകുന്ന വിദ്യാഭ്യാസം
* തൊഴിൽ നൈപുണി ഉള്ള വിദ്യാർത്ഥികളെ വാർത്തെടുക്കുക.
* ശുചിത്വ ബോധവും ആരോഗ്യവും ഉള്ള വിദ്യാർത്ഥികളെയാക്കുക.
* കലാ കായിക പ്രവൃത്തി പരിചയ രംഗത്ത് മികച്ച പ്രതിഭകളെ വാർത്തെടുക്കുന്നതിനുള്ള ഭൗതികവും മാനസികവുമായ സാഹചര്യം ഒരുക്കുക.
* സ്കൂളിന്റെ സുഗമമായ പ്രവർത്തനത്തിന് രക്ഷിതാക്കളുടെയും പ്രാദേശിക ജനവിഭാഗങ്ങളുടെയും പൂർണ്ണ പിന്തുണ ഉറപ്പാക്കൽ.
* പരിസ്ഥിതി സൗഹൃദവും ലഹരി വിമുക്തവുമായ വിദ്യാലയമാക്കി ഉയർത്തുക.
* പ്ലാസ്റ്റിക് വിമുക്ത, കീടനാശിനി വിമുക്ത വിദ്യാലയമായി ഉയർത്തുക.
* ക്യാമ്പസിന്റെ പാഠപുസ്തകമായി ഉയർത്തത്തക്ക രീതിയിൽ ജൈവ വൈവിധ്യ ഉദ്യാനം നിർമ്മിക്കണം.
* കാർഷിക വിളകൾ വിദ്യാലയത്തിൽ തന്നെ ഉല്പാദിപ്പിക്കത്തക്ക രീതിയിൽ സ്കൂളിനെ സജ്ജമാക്കണം.
* കുട്ടികൾക്കും രക്ഷിതാക്കൾക്കും ഗൈഡൻസ് കൗൺസിലിംഗ് മുതലായവയുള്ള സൗകര്യങ്ങൾ ഉറപ്പ് വരുത്തുക.

സ്കൂൾ സൗകര്യങ്ങൾ ഉയർത്തുന്നതിന് ജനകീയ ഇടപെടൽ ലഭ്യമാക്കണം

# 2. സ്കൂൾ ചരിത്രം.

ആലപ്പുഴ ജില്ലയിലെ പാണ്ടനാട് പഞ്ചായത്തിലെ ഏക ഹയർ സെക്കന്ററി സ്കൂളായ ഈ വിദ്യാലയം 1947 ൽ മിത്രമഠം തിരുമേനിയാൽ സ്ഥാപിതമായി. പമ്പാനദിയുടെ തീരത്ത് സ്ഥിതി ചെയ്യുന്ന ഈ സരസ്വതി ക്ഷേത്രത്തിൽ ദാരിദ്ര്യവും രോഗവും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഗ്രാമവാസികളുടെ കുട്ടികളാണ് പഠിക്കുന്നത്. ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് സൗകര്യമില്ലാതിരുന്ന പാണ്ടനാട് നിവാസികൾക്ക് ഒരു അനുഗ്രഹമാണ് ഈ വിദ്യാലയം.

ചെങ്ങന്നൂരിൽ (ചെങ്ങന്നൂർ) നിന്ന് മുതവഴി (മുത-കാട്) കടന്ന് വലിയവഴിക്ക് (വന്മഴി) ശേഷം താഴെയുള്ള വഴി (കീഴ്‌വഴി) കടന്ന് പഴയ ഇല്ലത്തു നാടായ 'പാണ്ടനാട്' എന്ന നാട്ടിൽ എത്തിച്ചേരുന്നു എന്ന് ചരിത്രം.

മിത്രമഠത്തിൽ ബ്രഹ്മശ്രീ വാസുദേവ ഭട്ടതിരി അവർകൾ 'ശ്രീ വിവേകാനന്ദ' എന്ന പേരിൽ ഈ സരസ്വതി ക്ഷേത്രം സ്ഥാപിച്ചത്. മിഡിൽ സ്കൂൾ (എം. പി. സ്കൂൾ) ആയിട്ടാണ് ഈ വിദ്യാലയം സ്ഥാപിച്ചത്. ആദ്യത്തെ ഹെഡ്മാസ്റ്റർ ശ്രീ ആർ വേലായുധൻപിള്ള ആയിരുന്നു. 1950-ൽ ഈ വിദ്യാലയം ശ്രീ വിവേകാനന്ദ ഹൈസ്കൂൾ (എസ്. വി. എച്ച്. എസ്) ആയി ഉയർത്തുകയും ശ്രീ പി. എൻ. രാമൻപിള്ള ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ആയി നിയമിതനാവുകയും ചെയ്തു. വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിക്കുകയും ക്ലാസ് ഡിവിഷനുകൾ ഉയരുകയും ചെയ്തു. പുതിയ കെട്ടിടങ്ങൾ പണിത് ഉയർന്നു. ഒരേയൊരു കുട്ടികളുടെ നിരയിൽ മാതാപിതാക്കൾ സ്കൂൾ കാര്യങ്ങളിൽ വ്യാപൃതരായി നേരിടുകയും അതിന്റെ ഫലത്തിൽ സ്കൂൾ മറ്റൊരു ഏജൻസിക്ക് കൈമാറുന്ന സാഹചര്യത്തിൽ ഉടമസ്ഥാവകാശം ഏറ്റെടുക്കുന്നതിന് ഈ പ്രദേശത്ത് തന്നെയുള്ള ധർമ്മമാന്യരായ കുറെ നല്ല ആളുകൾ ചേർന്ന് 'സ്വാമി വിവേകാനന്ദ ചാരിറ്റബിൾ സൊസൈറ്റി" എന്ന സംഘടന രൂപീകരിച്ച് സ്കൂൾ ഏറ്റെടുക്കുകയും മാനേജർ ശ്രീ നാരായണൻ നായർ അവർകൾ മാനേജരായി നിയമിതരാകുകയും ചെയ്തു.

983 മുതൽ ഈ കമ്മിറ്റിയാണ് സ്കൂളിന്റെ പ്രവർത്തനം നടത്തുന്നത്. സ്കൂളിന് 'സ്വാമി വിവേകാനന്ദ മെമ്മോറിയൽ' എന്ന് നാമകരണം ചെയ്യുകയും ചെയ്തു. ഈ കാലഘട്ടത്തിൽ ഇംഗ്ലീഷ് മീഡിയം പാരലൽ ഡിവിഷനുകൾ ആരംഭിക്കുകയും ഉയർന്ന വിജയ ശതമാനം എസ്. എസ്. എൽ സി പരീക്ഷയിൽ നേടുകയും ചെയ്തു. ശാസ്ത്രമേള പ്രവൃത്തി പരിചയ മേളകളിൽ ആലപ്പുഴ ജില്ലയെ പ്രതിനിധീകരിച്ച് സംസ്ഥാന തലത്തിലുള്ള മത്സരങ്ങളിൽ കുട്ടികൾ മാറ്റുരയ്ക്കുകയും വിവിധ ഇനങ്ങളിൽ ഒന്നാം സ്ഥാനവും A grade ഉം നേടി വരുന്നു. 2014 ൽ ഈ വിദ്യാലയം ഒരു സിമന്റ് ബ്ലോക്കും ഒരു കോട്ടേജ് ബ്ലോക്കും ഉൾപ്പെട്ട ഹയർസെക്കന്ററി സ്കൂളായി ഉയർത്തപ്പെട്ടു.

950 ഓളം കുട്ടികൾ പഠിക്കുന്ന ഈ സ്ഥാപനത്തിൽ വിദ്യാർഥികൾക്ക് ആവശ്യമായ ക്ലാസ്സ് മുറികളും ഫർണിച്ചറുകളും ഉണ്ട്. ഗുരു ചെങ്ങന്നൂരിന്റെ നാടായ പാണ്ടനാട്ടിലെ ഈ സരസ്വതി ക്ഷേത്രത്തിൽ മുൻകാല പ്രധാനാധ്യാപകരായിരുന്ന പലരും ഈ സ്കൂളിലെ തന്നെ വിദ്യാർത്ഥികളായിരുന്നു.

ശാസ്ത്രജ്ഞന്മാർ, ഡോക്ടേഴ്സ്, എഞ്ചിനീയേഴ്സ്, സർവ്വകലാശാല അസിസ്റ്റന്റ് രജിസ്ട്രാർ, ബിഷപ്പ് തുടങ്ങിയുള്ള ഉന്നത സ്ഥാനങ്ങളിൽ ഇരിക്കുന്ന പൂർവ്വവിദ്യാർത്ഥികൾ ശോഭിക്കുന്നു. പൂർവ്വവിദ്യാർത്ഥികളിൽ പലരും ഈ വിദ്യാലയത്തിലെ അധ്യാപകരായും ജീവനക്കാരായും പ്രവർത്തിക്കുന്നു. അധ്യാപകർക്കുള്ള ദേശീയ അവാർഡ് നേടിയ ശ്രീകല ടീച്ചർ ഈ സ്കൂളിലെ ഒരു പൂർവ്വവിദ്യാർത്ഥിനി ആണ്. 2018 -ലെ റിപ്പബ്ലിക് ദിന പരേഡിൽ പങ്കെടുക്കുന്നതിന് അവസരം ലഭിച്ച അരുൺ കുമാർ പി. എസ് സ്കൂളിന്റെ അഭിമാനമായി മാറിയിരിക്കുന്നു.

## 3. സ്കൂൾ മികവിന്റെ കാഴ്ചപ്പാട്

കേരളത്തിന്റെ സാംസ്കാരികവും സാമൂഹികവും കാർഷികവും സാമ്പത്തികവുമായ പാരമ്പര്യ ധാരണ കാത്തു സൂക്ഷിക്കാനും ഭരണഘടനാ മൂല്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിനുള്ള അവസരങ്ങൾ ഒരുക്കാൻ കഴിയുക. ഈ വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും സമഗ്ര വികസനത്തിന് വേണ്ടി സമൂഹത്തിലെ വിവിധ ഘടകങ്ങളെ ഏകോപിപ്പിക്കുക.

5 മുതൽ 12 വരെ ക്ലാസുകളിലെ എല്ലാ കുട്ടികളും പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ആശയങ്ങളും ധാരണകളും, മനോഭാവങ്ങളും മൂല്യങ്ങളും അന്താരാഷ്ട്ര നിലവാരത്തോട് കിടപിടിക്കാനുള്ള അവസരം ഒരുക്കുക. ഭാവിയുടെ ആവശ്യങ്ങൾ മനസ്സിലാക്കി ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്താവുന്ന രീതിയിൽ അധ്യാപനം ഉറപ്പാക്കുക.

- ഓരോ അധ്യാപകന്റെയും കഴിവുകൾ വികസിപ്പിക്കാവുന്ന രീതിയിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ഗവേഷണാത്മക അധ്യാപനത്തിനും പഠനത്തിനും അവസരം ഒരുക്കുക
- സ്വയം പഠനം, സംഘപഠനം എന്നിവ ഉറപ്പാക്കുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഉറപ്പാക്കുക.
- ലൈബ്രറി, ലാബ് ആദിയായവ ആധുനീവൽക്കരിക്കുക.
- സമ്പൂർണ്ണ ശുചിത്വം, പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ് സൃഷ്ടിക്കുക
- കുട്ടികൾക്ക് മാനസികവും ശാരീരികവുമായ പ്രശ്നങ്ങൾ സ്കൂളിൽ തന്നെ പരിഹരിക്കുന്നതിന് സംവിധാനങ്ങൾ വിദ്യാലയത്തിൽ തന്നെ ഉണ്ടാക്കുക.
- വിദ്യാലയത്തിന്റെ പുരോഗതിയിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുക.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, മൂല്യാധിഷ്ഠിത വിദ്യാഭ്യാസം എന്നി ആശയങ്ങൾ നടപ്പിലാക്കി കുട്ടികളുടെ അവകാശങ്ങളും വിദ്യാഭ്യാസ അവകാശ നിയമവും നടപ്പാക്കുന്ന ഒരു വിദ്യാലയമാക്കി മാറ്റുക.
- ജാതി മത വർഗ്ഗ ഭേദമന്യേ എല്ലാ വിഭാഗങ്ങൾക്കും അവകാശപ്പെട്ട

ാനാണ് ധാരണ രൂപപ്പെടുത്താനും, വരും തലമുറയ്ക്ക് കൈമാറാനു
ഉതകുന്നതുമായ കാഴ്ചപ്പാട് വളർത്തുക.

* എല്ലാ ക്ലാസ്സിലും ക്ലാസ്സ്റൂം ലൈബ്രറികൾ ആവശ്യമായ ഷെൽഫുകളോടെ സ്ഥാപിക്കണം

* കൂടുതൽ വിസ്തൃതവും ആധുനിക രീതിയിലുള്ളതുമായ (ഇൻഡോർ സ്റ്റേഡിയം, ഗ്യാലറി) കളിസ്ഥലം ആവശ്യമാണ്.

* വ്യക്തി ശുചിത്വവും പരിസര ശുചിത്വവും മനസ്സിലാക്കുന്ന വിധത്തിലുള്ള ക്ലാസ്സുകൾ നടത്തണം. ടോയ്‌ലറ്റുകൾ ആധുനിക വത്കരിക്കുകയും ശുചിയായി സൂക്ഷിക്കുകയും ചെയ്യണം.

* മൂന്ന് ഭാഷകളിലും ആശയവിനിമയം നടത്താനുള്ള ശേഷി ആർജ്ജിക്കണം.

* പല കുട്ടികളും പഠനത്തിൽ പിന്നോക്കം നിൽക്കുന്നതിന് ഒരു കാരണം കുടുംബ സാഹചര്യത്തിലെ അസ്വസ്ഥതകളാണെന്ന് മനസ്സിലാക്കി പേരന്റിങ് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ക്ലാസ്സുകളും കൗൺസിലിംഗും നടത്തണം

* വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെ വീടുകളിലും ഗൃഹസന്ദർശനം നടത്തണം.

* PTA മീറ്റിംഗുകളിൽ പല രക്ഷകർത്താക്കൾക്കും എത്താൻ സാധിക്കാത്തതിനാൽ PTA യോഗങ്ങൾ വീടുകൾ കേന്ദ്രീകരിച്ച് നടത്തണം

# 4. അവസ്ഥാ വിശകലനം.

* വിദ്യാലയത്തിന് ആകെ ലഭ്യമായ സ്ഥലം മൂന്ന് ഏക്കറാണ് സ്കൂളിന് ഒരു കളിസ്ഥലം ഉണ്ട് അത് ഇപ്പോൾ പൂർണ്ണമായും പര്യാപ്തമാണ്. അത് മികച്ച ഗ്രൗണ്ടാക്കി മാറ്റിയെടുത്തു.
* അഞ്ചു മുതൽ പന്ത്രണ്ട് വരെ ക്ലാസുകളിലായി കുട്ടികൾ ഇവിടെ അധ്യയനം നടത്തുന്നു.

| ക്ലാസ് | ആൺ | പെൺ | ആകെ |
|---|---|---|---|
| V | 32 | 38 | 70 |
| VI | 34 | 41 | 75 |
| VII | 48 | 31 | 79 |
| VIII | 57 | 44 | 101 |
| IX | 93 | 55 | 148 |
| X | 117 | 75 | 192 |
| XI Science | | | |
| XI Commerce | | | |
| XII Science | | | |
| XII Commerce | | | |
| | | | |
| ആകെ. | | | |

* ആകെ 4 മികച്ച നിലവാരമുള്ള കെട്ടിടങ്ങളും 2 മൈനർ റിപ്പയർ ആവശ്യമുള്ള കെട്ടിടങ്ങളും വിദ്യാലയത്തിന് സ്വന്തമായുണ്ട്.

* കലാ കായിക പ്രവൃത്തി പരിചയ പഠനം സ്കൂളിൽ നടക്കുന്നുണ്ടെങ്കിലും അതിന് ആവശ്യമായ ക്ലാസ്സ് മുറികളോ പഠനം മികവുറ്റതാക്കാൻ തക്ക പഠന സാമഗ്രികളോ പര്യാപ്തമല്ല. കലാ പ്രവർത്തനങ്ങൾക്കും കായിക പ്രവർത്തനങ്ങൾക്കും ആവശ്യമായ മുറികൾ, ഇൻഡോർ സ്റ്റേഡിയം, ഡൈനിംഗ് ഹാൾ, സെമിനാർ ഹാൾ, പ്രവൃത്തി പഠനമുറി ഇവയൊക്കെ അനിവാര്യമാണ്.

* വിദ്യാലയത്തിൽ ആകെ 33 ക്ലാസ്സ് മുറികൾ ഉണ്ട്. ഹൈ. സ്കൂ. ഹയർ സെ. ക്ലാസ്സിനു പ്രത്യേകമായി സയൻസ് ലാബുകളും കമ്പ്യൂട്ടർ ലാബുകളും ഉണ്ട്.

* ഹൈസ്കൂളിന്റെ സയൻസ് ലാബിൽ ഓരോ കുട്ടിക്കും പ്രവർത്തനങ്ങളിൽ ഏർപ്പെടത്തക്കവിധമുള്ള സൗകര്യം ഏർപ്പെടുത്തേണ്ടതുണ്ട്. സ്മാർട്ട് ക്ലാസ് റൂം റിസോഴ്സ് റൂം മുതലായവയ്ക്ക് ആവശ്യമായ ക്ലാസ്സ് മുറികൾ ലഭ്യമാണ്.

* ഓരോ കുട്ടിക്കും പ്രത്യേകമായി ഇരിപ്പിട സൗകര്യവും എഴുതുന്നതിനുള്ള സൗകര്യവും ഉണ്ട്. അധ്യാപകരുടെ പഠന സാമഗ്രികളും രേഖകളും സൂക്ഷിക്കാനുള്ള സൗകര്യം ഉണ്ടാക്കേണ്ടതുണ്ട്.

* ലൈബ്രറിയിൽ കുട്ടികളുടെ ആവശ്യത്തിന് അനുയോജ്യമായ പുസ്തകങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. അതുപോലെ റീഡിംഗ് റൂം ആവശ്യമാണ്. പരിശീലനം ലഭിച്ച ജീവൻ നമ്മുടെ ലൈബ്രറിക്കും സ്കൂളിലേക്ക് ആവശ്യമുണ്ട്.

* മുഴുവൻ കുട്ടികൾക്കും പര്യാപ്തമായ ആധുനിക സൗകര്യങ്ങളുള്ള ശൗചാലയം, സ്റ്റോർ റൂം, ഭോജനശാല, നീന്തൽക്കുളം മുതലായവയും നിലവിലില്ല.

* ശാസ്ത്രമുറ, വായനാമുറ ഇവ സജ്ജീകരിക്കുന്നതിനുള്ള കലാകായിക പരിശീലനങ്ങൾ നടത്തുന്നതിനുള്ള ഉപകരണങ്ങളും വേണ്ടത്ര ലഭ്യമല്ല.

വിദ്യാലയത്തിൽ ആകെ കമ്പ്യൂട്ടറുകൾ ഉണ്ട്

ഹൈസ്കൂൾ -

ഹയർസെക്കന്ററി -

| ഇനം | എണ്ണങ്ങൾ | ബാക്കസ്ഥാന്ത്രി |
|---|---|---|
| ക്ലാസിൽ പഠിക്കാനും പഠിപ്പിക്കാനും | 18+9 | |
| ഭാഷാ പഠനം | 1 | |
| ലൈബ്രറിയിൽ കമ്പ്യൂട്ടർ | – | |
| രക്ഷകർത്താക്കൾ / പൊതുജനങ്ങൾ | – | |
| ഇനിയും ആവശ്യമായ കമ്പ്യൂട്ടർ | 10 | |

ഹൈടെക് ക്ലാസ് റൂമുകളിലും ഇന്റർനെറ്റ് സൗകര്യം ഉറപ്പാക്കേണ്ടതാണ്.

ഐടി ഉപകരണങ്ങളുടെ ലഭ്യത താഴെ പറയുന്നവയാണ്.

| നമ്പർ | ഇനം | ലഭ്യമായത് | ഇനിയും ആവശ്യമുള്ളത് |
|---|---|---|---|
| 1 | എൽ.ഇ.ഡി.ടി.വി | ✗ | |
| 2 | റേഡിയോ | | ✓ |
| 3 | ഡി.വി.ഡി | | ✓ |
| 4 | എൽ.സി.ഡി പ്രൊജക്ടർ | ✓ | |
| 5 | ലാപ്ടോപ്പ് | ✓ | |
| 6 | ജനറേറ്റർ | | ✓ |
| 7 | സൗണ്ട് സിസ്റ്റം | ✓ | |
| 8 | ജി.പി.എസ് | ✓ | |
| 9 | പ്രിന്റർ | ✓ | |
| 10 | സി.സി.ടി.വി ക്യാമ | ✓ | |

ശൗചമുറികളുടെ എണ്ണം.


| നമ്പർ | വിഭാഗം | 5-10 | 11-12 |
|---|---|---|---|
| 1 | ആൺകുട്ടികൾ | 15 | |
| 2 | പെൺകുട്ടികൾ | 13 | |
| 3 | ഭിന്നശേഷി | - | |
| 4 | ജീവനക്കാർക്ക് | 3 | |

കുടിവെള്ള ലഭ്യത.

കുടിവെള്ള സ്രോതസ്സായി കിണറാണ് ഉപയോഗിക്കുന്നത്. കൈ കഴുകുന്നതിന് കുട്ടികളുടെ ആവശ്യാനുസരണം 6 ടാങ്കുകൾ ഉണ്ട്. വർഷത്തിൽ 2 പ്രാവശ്യം ടാങ്കുകൾ വൃത്തിയാക്കുന്നുണ്ട്. വിദ്യാലയത്തിൽ തന്നെ 5 മുതൽ 8 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് ഉച്ചഭക്ഷണം തയ്യാറാക്കി നൽകുന്നു. വിദ്യാലയത്തിൽ പോഷക സമൃദ്ധമായ ആഹാരമാണ് നൽകുന്നത്. ഭക്ഷണശാല ഇല്ലാത്തതിനാൽ ക്ലാസ് മുറിയിൽ ഇരുന്നാണ് കുട്ടികൾ ആഹാരം കഴിക്കുന്നത്. തിളപ്പിച്ചാറിയ വെള്ളമാണ് കുട്ടികൾക്ക് കുടിവെള്ളമായി നൽകുന്നത്. സ്കൂളിൽ കുട്ടികളുടെ ആവശ്യത്തിനായി വാട്ടർ ഫിൽട്ടറും ഉണ്ട്.

എല്ലാ ക്ലാസ് മുറികളിലും വൈദ്യുതി, ഫാൻ, ലൈറ്റ് ഇവ ലഭ്യമാണ്. ജൈവ വൈവിധ്യ പാർക്ക്, പൂന്തോട്ടം ഇവ മെച്ചപ്പെട്ട രീതിയിൽ ഉണ്ട്. 8-8-5 ൽ എല്ലാ മുറികളിലും സൗണ്ട് സിസ്റ്റം ഉണ്ട്. ഇതേ പോലെ എല്ലാ ക്ലാസ്സുകളിലും സൗണ്ട് സിസ്റ്റം ലഭ്യമാകുന്നു.

## കുട്ടികളുടെ സാമ്പത്തിക സാമൂഹിക പശ്ചാത്തലം.



എസ്.സി - 86
എസ്.ടി - 4
ഒ.ബി.സി - 108
ഒ.ഇ.സി - 36
ജനറൽ - 126

അധ്യാപകർ ക്ലാസ്സിൽ അനുഭവിക്കുന്ന പ്രയാസങ്ങൾ ഗ്രൂപ്പായോ അടുത്ത പരിശീലനങ്ങളിലോ പരിഹരിക്കാൻ കഴിയാത്ത അവസ്ഥ ഉണ്ട്. സബ്ജക്ട് കൗൺസിൽ, എസ്.ആർ.ജി യോഗങ്ങൾ കുറേക്കൂടി ഫലപ്രദമായി പ്രവർത്തിക്കേണ്ടതുണ്ട്. ഓരോ പഠനനേട്ടവും കുട്ടികളിൽ എത്തിക്കുന്നതിന് സമയപരിമിതിയും ഉള്ളടക്ക കൂടുതലും വിലങ്ങുതടിയായി നിൽക്കുന്നു. എല്ലാ കുട്ടികളിലും ഒരുപോലെ പഠനനേട്ടം എത്തിക്കുന്നതിന് കൂടുതൽ സമയം ആവശ്യമാണ്. ഹെൽത്ത്, ഹോബി, കൾച്ചറൽ ക്ലബ്ബ്, സീഡ് പ്രവർത്തനങ്ങൾ, (ഗാന്ധി) നന്മ ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ, ശാസ്ത്ര ക്ലബ്ബ് ഇവ ഫലപ്രദമായി സ്കൂളിൽ പ്രവർത്തിക്കുന്നു. കുട്ടികളുടെ വ്യക്തിത്വ വികസനത്തിനായി NCC, NSS, JRC, SPC, LK (ഇവയെല്ലാം തുടങ്ങി), ക്ലബ്ബുകൾ പ്രവർത്തിക്കുന്നു. യൂണിറ്റ് ടെസ്റ്റ്, പാദവാർഷികം, അർധവാർഷികം, വാർഷിക മൂല്യനിർണ്ണയം തുടങ്ങിയ മൂല്യനിർണ്ണയം ഇവയിലൂടെ തന്നെ കുട്ടിയെ വിലയിരുത്തുന്നു.

ഹയർസെക്കന്ററി വിഭാഗത്തിൽ ആകെ 12 അധ്യാപകരാണുള്ളത്. യു.പി വിഭാഗത്തിൽ 10 അധ്യാപകരും ഹൈസ്കൂൾ വിഭാഗത്തിൽ 22 അധ്യാപകരും ഉണ്ട്.

# അധ്യാപകരുടെ സ്ഥിതി വിവരം.

| നിയമന സ്വഭാവം | യു.പി | എച്ച്.എസ് | എച്ച്.എസ്.എസ് |
|---|---|---|---|
| സ്ഥിരം | 10 | 22 | 12 |
| താൽക്കാലികം | - | 1 - | - |
| പാർട്ട് ടൈം | - | - | - |
| അധ്യാപകേതര ജീവനക്കാർ | - | 5 | 2 |

എല്ലാ അധ്യാപകരും സേവനകാല പരിശീലനത്തിൽ പങ്കെടുത്തിട്ടുണ്ട്. ഹൈസ്കൂൾ, ഹയർസെക്കന്ററി മേഖലയിൽ ഇന്റർ സംവിധാനം ഉണ്ട്. അധ്യാപകർ നിലവിലുള്ള പരിമിതമായ സൗകര്യങ്ങൾ ഉപയോഗിച്ച് സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുവാൻ ശ്രമിക്കുന്നുണ്ട്. ആവശ്യമായ സൗകര്യങ്ങളുടെ അഭാവം, മികച്ച രീതിയിലുള്ള പരിശീലനത്തിന്റെ അഭാവം എന്നിവ കാരണം സാങ്കേതിക പഠനപ്രക്രിയയിൽ ഉൾക്കൊള്ളുന്നവരുടെ എണ്ണം വിരളമാണ്. എല്ലാ അധ്യാപകരും യോഗ്യത നേടിയവരാണ്.

| Qualification | UP | HS | HSS |
|---|---|---|---|
| BA/ BSc, BEd | | | |
| TTC | | | |
| MA/ MSc, BEd | | | |
| MEd | | | |
| SET | | | |
| NET | | | |
| PG Diploma | | | |
| MPhil | | | |
| PhD | | | |
| Department Test | | | |

പുതുതായി നിയമനം ലഭിച്ച അധ്യാപകർക്കും സ്ഥാനക്കയറ്റം ലഭിച്ചു വരുന്നവർക്കും വിദ്യാഭ്യാസ വകുപ്പ് നൽകുന്ന പരിശീലനം മാത്രമേ ലഭിക്കുന്നുള്ളൂ. സ്കൂൾ തലത്തിൽ SRG, Subject council, ഐ.ടി.ക്ലബ് എന്നിവ വഴിയുള്ള പരിശീലന അവസരങ്ങൾ ലഭിക്കുന്നുണ്ടെങ്കിലും അപര്യാപ്തമാണ്. എല്ലാ അധ്യാപകരും അധ്യാപക പരിശീലനത്തിൽ പങ്കെടുക്കാറുണ്ട്. എല്ലാ ക്ലാസ്സുകളും ഓരോ ടേമിന്റെ അവസാനത്തിൽ നിലവിലുള്ള സാഹചര്യം ഉപയോഗിച്ച് സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്താൻ ശ്രമിക്കുന്നു. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെയും പ്രീ ടെസ്റ്റ് നടത്തി കണ്ടെത്തി പ്രത്യേകമായ പരിശീലനം കൊടുക്കുന്നതിൽ സാങ്കേതികമായ ചില ബുദ്ധിമുട്ടുകൾ ഇപ്പോൾ അനുഭവപ്പെടുന്നു. അധ്യാപകരുടെ ഹാജർ സ്കൂളിൽ രേഖപ്പെടുത്തുന്നുണ്ട്. അത്യാവശ്യ ഘട്ടങ്ങളിൽ ഒഴികെ അധ്യാപകരും അധ്യാപക ജീവനക്കാരും അവധി എടുക്കാറില്ല. അവധി എടുക്കുന്ന അധ്യാപകർക്ക് പകരം മറ്റ് അധ്യാപകർ ജോലി ചെയ്യുന്നു. കൂടുതൽ ദിവസം അവധി എടുക്കുന്ന അധ്യാപകർക്ക് പകരം അധ്യാപകരെ നിയമിക്കാറുണ്ട്. പ്രധാന അധ്യാപികയുടെ ക്ലാസ് മോണിറ്ററിംഗ് നടക്കുന്നുണ്ട്.

അധ്യാപകരുടെ പഠ്യേതര പ്രവർത്തനങ്ങളുടെ ചുമതലകൾ.

| ചുമതലകൾ | അധ്യാപകരുടെ പേര് | |
|---|---|---|
| | എച്ച്.എസ് | എച്ച്.എസ്.എസ് |
| സീനിയർ അസിസ്റ്റന്റ് | ബീന. എസ് നായർ | |
| സ്റ്റാഫ് സെക്രട്ടറി | – ബിന്ദു. പി.ജെ | |
| എസ്.ആർ.ജി കൺവീനർ | അമ്പിളി ആർ.എസ് | |
| [illegible] | | |
| [illegible] | ആൻ തോമസ് | |
| ജാഗ്രത സമിതി | ബിന്ദു. എ. പോൾ | |
| ട്രിപ്പ് . | | |
| എൻ.എസ്.എസ് | | രാജേന്ദു . |
| ഉച്ചഭക്ഷണം | പ്രീജ. സി. നായർ | |
| സഞ്ചയിക | ബീന. എസ്. നായർ | |
| [illegible] | ബിന്ദു. എ. പോൾ | |

# ക്ലബ്ബുകളും ചുമതലകളും

| ക്ലബ്ബുകൾ | ചുമതലകൾ: എച്ച് . എസ് | എച്ച് . എസ് . എസ് . |
| --- | --- | --- |
| ഗണിതം | സന്ധ്യ . ടി . നായർ | |
| സയൻസ് | മഞ്ജു ഗോപാല കൃഷ്ണൻ | |
| സാമൂഹ്യ ശാസ്ത്രം | ബിന്ദു . എ മോൾ | |
| ഇംഗ്ലീഷ് | സ്മിത . ആർ . പിള്ള . | |
| ഗാന്ധി വിജ്ഞാനം | സ്മിത പിള്ള | |
| ആരോഗ്യം | ബീന . എസ് . നായർ | |
| വിദ്യാരംഗം | ജെസ്സിൻ സാറാ ജോർജ്ജ് | |
| ഹരിത സേന | മായാദേവി വി . ആർ | |
| കല | ടി . കെ രതി . | |
| സീഡ് ക്ലബ്ബ് | സന്ധ്യ . ഇ . എസ്, സുചിത്ര . കെ നായർ<br>വിദ്യ . ജി . കൃഷ്ണൻ, മഞ്ജു ഗോപാലകൃഷ്ണൻ | |
| ജെ . ആർ . സി | സ്മിത പിള്ള | |
| എൻ . സി . സി . | ദീപ . ജി . | |
| എസ് . പി . സി | രേണു . ജി . നായർ, ആർ രാജേഷ് | |
| [illegible] ക്ലബ്ബ് | വിദ്യ . ജി . കൃഷ്ണൻ | |
| കാർഷിക ക്ലബ്ബ് | സുചിത്ര . കെ നായർ | |
| ഐ . ടി ക്ലബ്ബ് | ആർ . രാജേഷ് | |
| പരിസ്ഥിതി | രേണു . ജി . നായർ, | |
| [illegible] | ജെസ്സിൻ സാറാ ജോർജ്ജ് | |
| ഗാന്ധി ദർശൻ | ബിന്ദു . എ . മോൾ | |
| [illegible] | പ്രിയ . ജി . നായർ, മായാദേവി . വി . ആർ | |
| ലിറ്റിൽ കൈറ്റ്സ് | സ്മിത . ആർ . പിള്ള, മഞ്ജു ഗോപാല കൃഷ്ണൻ | |

## വിഷയ സമിതികളും ചുമതലകളും (എച്ച്.എസ്)

| വിഷയം | ചുമതല |
|---|---|
| ഗണിതം | സന്ധ്യ.ബി.നായർ |
| ഫിസിക്സ് | ഷീന.പി.ആർ |
| കെമിസ്ട്രി | സുമിത്ര.കെ.നായർ |
| ബയോളജി | മഞ്ജു ഗോപാലകൃഷ്ണൻ |
| ഇംഗ്ലീഷ് | സ്മിത.ആർ.പിള്ള |
| സാമൂഹ്യ ശാസ്ത്രം | ബിന്ദു.എ.പോൾ |
| ഹിന്ദി | ബീന.എസ് നായർ |
| മലയാളം | പി.കെ.ബിന്ദു |
| ഐ.ടി | മഞ്ജു.ആർ |

## എസ്.എസ്.എൽ.സി. പരീക്ഷാഫലം.

| വർഷം | പരീക്ഷ എഴുതിയവർ | Full A+ | വിജയ ശതമാനം |
|---|---|---|---|
| 2005 | 140 | | 73% |
| 2006 | 125 | | 78% |
| 2007 | 146 | 6 | 85.5% |
| 2008 | 131 | 5 | 99.2% |
| 2009 | 142 | 6 | 97.8% |
| 2010 | 206 | 5 | 94.7% |
| 2011 | 190 | 4 | 98% |
| 2012 | 193 | 4 | 99% |
| 2013 | 222 | 6 | 98.6% |
| 2014 | 204 | 5 | 94% |
| 2015 | 198 | 8 | 100% |
| 2016 | 216 | 6 | 99.5% |
| 2017 | 185 | | 98% |
| 2018 | · | 10 | |
| 2019 | | | |
| 2020 | 187+ 1 private | 15 | 100% |
| 2021 | 159 | 32 | 100% |
| 2022 | 187 | | |
| 2023 | 150 | 25 | 100% |
| 2024 | 154 | 21 | 100% |
| 2025 | 174 | 19 | 100% |

എല്ലാ കുട്ടികൾക്കും പഠനനേട്ടം ഉറപ്പുവരുത്തുന്നതിന് സ്കൂളിൽ
ക്യാമ്പുകൾ, പിന്നോക്കക്കാർക്ക് പ്രത്യേക ക്ലാസ് അവധിക്കാല ക്ലാസ് നടക്കുന്നു
ണ്ടുകൾ, അവധി ദിവസങ്ങളിലെ ക്ലാസുകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നു
ണ്ടെങ്കിലും ഈ തലത്തിൽ ഒന്നുകൂടി മെച്ചപ്പെട്ട പ്രവർത്തനങ്ങൾ ആവശ്യ
മാണ്.

ദൈനംദിന കാര്യങ്ങളിൽ പ്രധാനാധ്യാപിക സീനിയർ അധ്യാപകരുമായി
കൂടി ആലോചിച്ച് എടുക്കുന്ന തീരുമാനങ്ങൾ / നിർദേശങ്ങൾ ഇവ എല്ലാ
അധ്യാപകരും അനധ്യാപകരും മനസ്സിലാക്കുന്നുണ്ട്. കുട്ടികളുടെ പഠനനിലവാര
സ്റ്റാഫ് മീറ്റിംഗ്, SRG യോഗം പിടിഎ മീറ്റിംഗ് ഇവയിലെല്ലാം ചർച്ച
ചെയ്യപ്പെടുന്നുണ്ട്. C.W.S.N കുട്ടികൾക്കായി പ്രത്യേകം റിസോഴ്സ് അധ്യാപിക
യുടെ സേവനം ലഭ്യമാണ്. സ്ത്രീകൾക്കെതിരെയുള്ള ലൈംഗിക ചൂഷണം,
അതിക്രമം ഇവയ്ക്കെതിരെ പ്രവർത്തിക്കുന്നതിന് പോഷ് കമ്മിറ്റി
ഉണ്ട്. പ്രേമ പ്രശ്നങ്ങൾ, കൗമാര ലൈംഗിക വിദ്യാഭ്യാസം, ലഹരി
വിരുദ്ധ ബോധവൽക്കരണം (വിമുക്തി ക്ലബ്ബ്), റോഡ് സുരക്ഷ രക്ഷിതാക്കൾക്കു
ബോധവത്കരണ ക്ലാസ് ഇവയെല്ലാം നടപ്പാക്കുന്നു

## 5. പ്രശ്നങ്ങളും വെല്ലുവിളികളും.

- സ്കൂളിന് അധ്യാപികയുടെ സേവനം മുഴുവൻസമയം ലഭ്യമാകുന്നില്ല.
- പിന്നോക്ക ശേഷിക്കാരായ കുട്ടികളുടെ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്ന നിരന്തര വിലയിരുത്തലിനും ശാസ്ത്രീയമായ രീതികൾ സ്വീകരിക്കുന്നില്ല.
- [illegible] അനൗപചാരിക ചാറ്റുന്നതം, പഠനോപകരണം ഇവ ഇല്ല.
- 5 മുതൽ 12 വരെ ക്ലാസ്സിലെ എല്ലാ കുട്ടികൾക്കും പ്രതീക്ഷിത നിലവാരത്തിൽ എത്താൻ കഴിയുന്നില്ല.
- പാഠപുസ്തകങ്ങളും ICT സാധ്യതകളും ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നില്ല.
- സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് വേണ്ട പ്രാധാന്യവും പ്രോത്സാഹനവും നൽകാൻ കഴിയുന്നില്ല.
- മലയാളം, ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം എന്നി ഭാഷകളിൽ ആശയവിനിമയ ശേഷി ശരിയായ രീതിയിൽ നേടാൻ കഴിഞ്ഞിട്ടില്ല.
- 35% കുട്ടികളും അടിസ്ഥാന ശേഷി നേടാതെയാണ് അഞ്ചാം ക്ലാസ്സിൽ എത്തുന്നത്.
- പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വിദഗ്ധ പഠനാനുഭവങ്ങൾ നൽകാൻ കഴിയുന്നില്ല.
- ക്ലാസ്സ് ലൈബ്രറികൾ കാര്യക്ഷമമല്ല.
- കുട്ടികളുടെ മാനസിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമുള്ള സംവിധാനങ്ങൾ ഇല്ല. കൗൺസിലിംഗ് സേവനം ലഭ്യമാകുന്നില്ല.
- എല്ലാ കുട്ടികളുടെയും കഴിവുകൾ കണ്ടെത്തുന്നതിനും പരിശീലനം നൽകുന്നതിനുള്ള അവസരം ഇല്ല.
- കേരളത്തിന്റെയും ഭാരതത്തിന്റെയും സംസ്കാരം മനസ്സിലാക്കി കൊടുക്കുന്നതിനുള്ള അവസരം കുറവാണ്.
- കലാ-കായിക, സാംസ്കാരിക പ്രവൃത്തി പരിചയ പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുവാൻ കഴിയുന്നില്ല.
- സ്കൂളിന് (പൂന്തോട്ടം നവീകരിക്കാൻ) പൂർണ്ണമായ രീതിയിൽ ചുറ്റുമതിൽ ഇല്ല. ആധുനിക രീതിയിലുള്ള പ്രവേശന കവാടം ഇല്ല.

ക്ലാസ് മുറികളിൽ ഓരോ കുട്ടിക്കും പ്രത്യേകമായ ഇരിപ്പിട സൗകര്യവും [illegible]തിനുള്ള സൗകര്യവും ഉണ്ട്.

- 1-3 വരെ ക്ലാസ് മുറികളും ഹൈടെക് ആണ് UP ൽ എല്ലാ മുറികളും ഇല്ല
- ജൈവ വൈവിധ്യ പാർക്ക്, പൂന്തോട്ടം, പച്ചക്കറിത്തോട്ടം ഇവയൊക്കെ [illegible] മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു.
- ആധുനിക രീതിയിലുള്ള പാചകപ്പുര, സ്റ്റോർ മുറി, ഭോജനശാല, ഇവ ഉണ്ട്.
- ചില മുറികൾ ആധുനിക വൽക്കരിക്കേണ്ടിയിരിക്കുന്നു.
- മാലിന്യ സംസ്കരണം കുറച്ചുകൂടി വിപുലമാക്കണം.
- ഭിന്ന നിലവാരക്കാർക്ക് ആവശ്യമായ റിസോഴ്സ് റൂം, adapted toilet ഇവയില്ല.
- ആധുനികമായി സജ്ജീകരിച്ച സ്കൂൾ ലൈബ്രറി, വായനാമുറി ഇവ ഉണ്ട്.
- Language lab പ്രവർത്തിക്കുന്നില്ല.
- ക്ലാസ് ലൈബ്രറിക്ക് ആവശ്യമായ സൗകര്യം ഇല്ല.
- കലാ കായിക പ്രവൃത്തി പരിചയ പ്രവർത്തനങ്ങൾക്ക് പരിശീലനം നൽകാൻ ആവശ്യമായ ഭൗതിക സൗകര്യങ്ങളും പഠന ഉപകരണങ്ങളും മതിയായ രീതിയിൽ ഇല്ല.
- ശൗചാലയം ആധുനിക വൽക്കരിക്കണം.
- പൂർവ്വ വിദ്യാർത്ഥി സംഘടന, പൂർവ്വ അധ്യാപക സംഘടന മുതലായവയുടെ സാധ്യതകൾ കണ്ടെത്തി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.
- പ്രാദേശിക പ്രതിഭകളുടെ സഹായം ഉറപ്പാക്കാൻ സാധിക്കുന്നില്ല.
- കലാ കായിക പ്രവർത്തനങ്ങളോട് ശരിയായ കാഴ്ചപ്പാട് രക്ഷിതാക്കളിൽ ഉണ്ടാക്കി എടുക്കാൻ കഴിയുന്നില്ല.
- സ്കൂളിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ രക്ഷിതാക്കളെക്കൂടി പങ്കെടുപ്പിക്കാൻ കഴിയുന്നില്ല.
- പൂർവ്വ വിദ്യാർത്ഥി സംഘടന ശക്തമാക്കണം.

## 6. പദ്ധതി രൂപീകരണം വിവിധ ഘട്ടങ്ങൾ·

എസ്. ആർ. ജി യോഗത്തിൽ അക്കാദമിക് മാസ്റ്റർ [illegible] എന്ന നിലയിൽ വികസന പദ്ധതിയുടെ കാഴ്ചപ്പാട് അവതരിപ്പിക്കുന്നു.

- വികസന ആവശ്യങ്ങൾക്ക് ക്ലാസ്സ്, വിഷയം അടിസ്ഥാനത്തിൽ കരട് [illegible] തയ്യാറാക്കുന്നു.
- ഈ കരടുരേഖ, എസ്. ആർ. ജി, പി. ടി. എ, എം. പി. ടി. എ തുടങ്ങി [illegible] തുടങ്ങിയവ ഉൾപ്പെടുന്ന ശില്പശാലയിൽ അവതരിപ്പിക്കുന്നു.
- ശില്പശാലയിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കുന്നു.
- പി ടി എ യുടെ നേതൃത്വത്തിൽ പദ്ധതിയെ ക്രോഡീകരിക്കുന്നു.

7. വിഷയ മേഖലാ പ്രവർത്തനങ്ങൾ

# പ്രവർത്തനം- 1

പേര്: അക്ഷരകേളി.

മേഖല/ഉപമേഖല : അക്കാദമികം/മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അക്ഷരകാർഡുകളിലൂടെ അക്ഷരങ്ങളും വാക്കുകളും വാചകങ്ങളും മനസ്സിലാക്കി അവ അർത്ഥപൂർണ്ണമായി അവതരിപ്പിക്കൽ. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | വായന ക്ലാസ് ലൈബ്രറി സ്കൂൾ തല വായന വീട് വായന. വായന മത്സരം. | ആവശ്യാനുസരണം | ക്ലാസ് അധ്യാപകർ, ഭാഷാ അധ്യാപകർ | — |

# പ്രവർത്തനം- 2

പേര്: ശില്പശാല.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രചനകളിൽ ഉൾപ്പെടൽ കുട്ടിയെ മികച്ച എഴുത്തുകാരനാക്കുന്നു. | സർഗ്ഗാത്മകമായ രചനകൾ തയ്യാറാക്കൽ. കഥാരചന, കവിതാ രചന. | രണ്ട് മാസത്തിൽ ഒന്ന് | വിദ്യാരംഗം അധ്യാപകർ | — |

പേര് - സർഗ്ഗവസന്തം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| കുട്ടികളുടേതായ മികച്ച രചനകൾ- നവമാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കൽ | മികച്ച രചനകൾ തയ്യാറാക്കൽ. അവ നവമാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കൽ | മാസത്തിൽ ഒന്ന്. | വിദ്യാരംഗം അധ്യാപകർ | - |

പ്രവർത്തനം - 4

പേര് - കലാകളരി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| കുട്ടികളിൽ ഗോത്ര കലകൾ തുടങ്ങിയവ പരിചയപ്പെടൽ. | നാടൻ കലകളെ കൂടുതൽ പരിചയപ്പെടുകയും അവ ആവിഷ്കരിക്കുകയും ചെയ്യുന്നു | വർഷത്തിൽ രണ്ടുപ്രാവശ്യം | വിദ്യാരംഗം പി.ടി.എ | 5000 |

പ്രവർത്തനം –

പേര്: സർഗ്ഗ സല്ലാപം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷയിലൂടെയും സാഹിത്യകാരന്മാരിലൂടെ വിവിധ മേഖലകൾ പരിചയപ്പെടൽ. | പ്രാദേശികമായി ലഭ്യമാകുന്ന സാഹിത്യകാരന്മാരെ പരിചയപ്പെടൽ. അവരുടെ എഴുത്തനുഭവങ്ങൾ പങ്കുവയ്ക്കൽ. പ്രസിദ്ധീകരിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | എച്ച്. എം വിദ്യാരംഗം പി.ടി.എ | 5000/- |

പ്രവർത്തനം – 6

പേര് – പഠനയാത്ര

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാ സംസ്കൃതിയെ തൊട്ടറിയൽ. | കേരള കലാമണ്ഡലം, തുഞ്ചൻ പറമ്പ് തുടങ്ങിയ സാംസ്കാരിക കേന്ദ്രങ്ങൾ സന്ദർശിക്കൽ | വർഷത്തിൽ ഒന്ന്. | എച്ച്. എം വിദ്യാരംഗം പി.ടി.എ | 10000/- |

| | | | | | |
|---|---|---|---|---|---|
| 4) To Develop Creative thinking to provide the students opportunities to express their thoughts and feelings effectively. | English Bulletin - creating bulletins on socially relevant topics like equality, Civic sense, human rights, Legal Literacy, Media Literacy, road safety etc. | Academic Year | English Teachers English club | Nil | |
| 5) Enhance the creativity of students and helps in developing higher order skills like sequencing, drafting, editing re-drafting etc. | Class Magazine - the creative writing of the students are collected from the beginning of the academic year to the end and the process of publishing it takes place systematically. | Academic year. | English Teacher / English | English Club. | |

| | | | | |
|---|---|---|---|---|
| 6, To give them opportunity to perform and use English language fluently without stage fright. | English Fest - Including programmes like English skit, Role play, Story Telling, Recitation, Language Games, Book Review etc. | Academic Year. | English Club/ English Teachers | P.T.A./Management |
| 7, Conducting Interactive sessions. | Giving ample chances for interacting with Native speakers. | Saturdays/ Vacation | Teachers/ PTA and SRG. | PTA/English club |
| 8, Enable the students to grasp the language through game. | Puzzle Making - Giving a particular time to construct a puzzle and finding out the winner. | Monthly. | English club | Nil. |

| | | | | |
|---|---|---|---|---|
| 9. To enable the students to talk in simple English sentence frequently. | English challenge - Preparing some simple questions, posters. Strictly not allowing to speak Mother Tongue. | Daily/ Academic year | English Teacher | Nil. |
| 10. To enable to handle digital devices with ease. | Digi Task - Making Reels, short videos and audios in English | Monthly. | English Teacher/ English club | Nil. |

മേഖല - ഹിന്ദി ഹൈസ്കൂൾ വിഭാഗം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| 1) ഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു. | കഥ വായന, കവിത വായന, എന്നിവയ്ക്ക് അവസരങ്ങൾ നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| 2) മാതൃഭാഷയെ പോലെ നിർബാധം ഹിന്ദിയും കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക. | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധരായ സാഹിത്യകാരന്മാരുടെ കവിത, കഥ, നോവലുകൾ എന്നിവ വായിക്കുവാനും പാഠഭാഗവുമായി ബന്ധപ്പെട്ടും ലഹരി, പോലെ ഉള്ള വസ്തുക്കളെ ഒഴിവാക്കാനുള്ള മുദ്രാവാക്യങ്ങൾ, റീലുകൾ എന്നിവ തയ്യാറാക്കുവാനും കുട്ടികളുടെ സർഗ്ഗവാസനകൾ പോഷിപ്പിക്കുന്നതിനുള്ള അവസരം നൽകുന്നു. | ജൂൺ മുതൽ. | ഹിന്ദി അധ്യാപകർ | |
| | ഹിന്ദി സിനിമകൾ കാണിക്കുക. | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ രക്ഷിതാക്കൾ | |
| | ഹിന്ദി മാതൃഭാഷയായിട്ടുള്ള അതിഥികളുമായി സംവദിക്കുക. | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ PTA. | |

| [illegible] | [illegible] | കാലം | [illegible] | [illegible] |
|---|---|---|---|---|
| 3) എല്ലാ കുട്ടികളേയും മലയാളം പോലെ തന്നെ ഹിന്ദി വായിക്കാനും എഴുതാനും പ്രാപ്തരാക്കുക. | 1) ഹിന്ദി ന്യൂസ് പേപ്പർ വായിക്കാനുള്ള സൗകര്യം ഒരുക്കുക. | 2 മാസക്കാലം | ഹിന്ദിഅധ്യാപകർ | പി.ടി.എ. സ്പോൺസർഷിപ്പ്. |
| | 2) ലൈബ്രറിയിൽ കുട്ടികൾക്ക് അനുയോജ്യമായ ഹിന്ദിയിലുള്ള പുസ്തകങ്ങൾ എത്തിച്ച് വായന പ്രോത്സാഹിപ്പിക്കുക. | | | |
| | 3) ഹിന്ദിക്ലബുകൾ കൂടുതൽ ഊർജ്ജിതമായി പ്രവർത്തിക്കാനും കൂടുതൽ ശക്തിപ്പെടുത്താനും ആകർഷകമാക്കാനും ആവശ്യമായ പ്രവർത്തനങ്ങൾ കണ്ടെത്തുക. | | | |
| | 4) ഹിന്ദി നാടകം നടത്തുക. ഹിന്ദി അസംബ്ലി നടത്തുക. | ആവശ്യമനുസരിച്ച് | SRG Hindi Teacher | |
| | 5) ചെറിയ ചെറിയ വിഷയങ്ങൾ നൽകി കുട്ടികളെ ഹിന്ദിയിൽ എഴുതുവാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | | ഹിന്ദി ടീച്ചർ | |
| | 6) ഹിന്ദികവിത, പ്രസംഗം, പാട്ടുകൾ എന്നിവ പരിപോഷിപ്പിക്കുക. | | ഹിന്ദിടീച്ചർ. | |

| [illegible] ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സ്രോതസ്. |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക. | എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ട് സ്കൂൾതല ശാസ്ത്രമേളയും ഉപജില്ലാതലത്തിൽ പരമാവധി പങ്കെടുക്കലും. | വർഷത്തിൽ ഒരിക്കൽ | സയൻസ് അധ്യാപകർ | മാനേജ്മെന്റ്. |
| **ശാസ്ത്ര ഓപ്പൺ ക്വിസ്.** ശരിയായ ശാസ്ത്രബോധം പ്രയോജനപ്പെടുത്തൽ. | പൊതുവേദികൾ ഉപയോഗപ്പെടുത്തി സ്കൂൾതല ക്വിസ് നടത്തുക. ക്ലാസ് വ്യത്യാസമില്ലാതെ എല്ലാവർക്കും പങ്കെടുക്കാം. | എല്ലാ മാസവും | ശാസ്ത്ര അധ്യാപകർ | |
| **ശാസ്ത്രമാജിക്.** ശാസ്ത്രാഭിരുചി വളർത്തൽ. | ശാസ്ത്രതത്വങ്ങൾ എളുപ്പം മനസ്സിലാക്കാൻ ഉപകരിക്കുന്ന ലഘുപരീക്ഷണങ്ങൾ അവതരിപ്പിക്കൽ പ്രവർത്തനവും ചിത്രം സഹിതം ശാസ്ത്രപുസ്തകത്തിൽ രേഖപ്പെടുത്തൽ. | മാസത്തിൽ ഒന്നുവീതം. | SRG | മാനേജ്മെന്റ് |
| **ശാസ്ത്രമാസിക.** ശാസ്ത്രചിന്തകളിലൂന്നിയ സർഗ്ഗാത്മകത. | ശാസ്ത്രവിവരങ്ങളുമായി ക്ലാസ്തലത്തിൽ തയ്യാറാക്കുന്ന പത്രത്തിൽ മികച്ച രചനകൾ ഉൾപ്പെടുത്തി വേൾഡ് മാഗസിൻ സ്കൂൾതലത്തിൽ തയ്യാറാക്കൽ. | എല്ലാ വർഷവും | സയൻസ് ക്ലബ് അധ്യാപകർ | PTA |

മേഖല / ഉപമേഖല : അക്കാദമികം / ശാസ്ത്രം .

| ലക്ഷ്യം | പ്രവർത്തനങ്ങൾ . | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് . |
|---|---|---|---|---|
| ശാസ്ത്രലാബ് സജ്ജീകരിക്കൽ ശാസ്ത്രാശയങ്ങൾ രൂപീകരിക്കുക<br>പ്രക്രിയാ ശേഷികൾ വികസിപ്പിക്കുക . | ലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും വിഷയാടിസ്ഥാനത്തിൽ തരം തിരിച്ച് ക്രമീകരിക്കുക . ലഘുപരീക്ഷണങ്ങൾ ഒരുക്കുന്നതിന് ആവശ്യമായ സാമഗ്രികൾ ക്ലാസ് തലത്തിൽ ശേഖരിക്കുക . | വർഷാരംഭത്തിൽ | സയൻസ് ക്ലബ് | മാനേജ്മെന്റ് |

പ്രവർത്തനത്തിന്റെ പേര് : സയൻസ് ക്ലബ്

മേഖല / ഉപമേഖല : അക്കാദമികം / ശാസ്ത്രം .

| ലക്ഷ്യം | പ്രവർത്തനങ്ങൾ . | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് . |
|---|---|---|---|---|
| ശാസ്ത്രാഭിരുചി വളർത്തുക . | കുട്ടികൾ നിർമ്മിക്കുന്ന ഉപകരണങ്ങൾ ബോധവൽക്കരണ ഉപാധികൾ , സെമിനാർ പേപ്പറുകൾ , പ്രോജക്ട് റിപ്പോർട്ട് പരീക്ഷണങ്ങൾ തുടങ്ങിയവ അവതരിപ്പിക്കുക . | | സയൻസ് അധ്യാപകർ പ്രവൃത്തി പരിചയ അധ്യാപിക. | |
| ഹെർബേറിയം .<br>അന്യം നിന്നു പോകുന്ന സസ്യങ്ങളെ സൂക്ഷിച്ചുവയ്ക്കുക . വിശദവും പൂർണ്ണവുമായി ലേബൽ ചെയ്യുക . | തീരെ ചെറിയ സസ്യങ്ങളെ വേരോടുകൂടി ശേഖരിക്കുക . വലിയ ചെടികളുടെ പൂവോ കായോ അടങ്ങുന്ന ചില്ലകൾ തിരഞ്ഞെടുത്ത് ന്യൂസ് പേപ്പറുകൾ ഉപയോഗിച്ച് ഉണക്കി എടുത്ത് കട്ടിയുള്ള കടലാസിൽ ഒട്ടിച്ച് വയ്ക്കുക . | മഴക്കാലം ഒഴിവാക്കിയുള്ള സമയങ്ങളിൽ . | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| കുട്ടികളുടെ വായന ശാസ്ത്രവിജ്ഞാന മേഖലകളിലേക്ക് വ്യാപിക്കുക. | ശാസ്ത്ര പഠനത്തിൽ കുട്ടി കടന്നു പോകുന്ന വിവിധ മേഖലകളുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ, അധികവായനാ സാമഗ്രികൾ മാസികകൾ, ആനുകാലികങ്ങൾ ശാസ്ത്രവിജ്ഞാന മേഖലയുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ സജ്ജീകരിക്കുക. | വർഷാരംഭത്തിൽ. | സയൻസ് ക്ലബ് | 5000 സ്പോൺസർഷിപ്പ്. |

പ്രവർത്തനത്തിന്റെ പേര് : ദിനാചരണങ്ങൾ.
മേഖല / ഉപമേഖല : അക്കാദമികം / ശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ്. |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക. | ദിനാചരണ സന്ദേശം നൽകൽ.<br>പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ.<br>ബോധവത്കരണ പരിപാടികൾ. | ശാസ്ത്ര ദിനങ്ങളിൽ | ശാസ്ത്ര അധ്യാപകർ | PTA. |
| | | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | വിശകലനം |
| --- | --- | --- | --- | --- |
| 1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു | നമ്പർകാർഡ്, മഞ്ചാടി കുരു, മുത്തുകൾ, ഫ്ലാഷ് കാർഡ്... എന്നിവ ഉപയോഗിച്ചു കളികളിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | ജൂൺമാസം | ഗണിതാധ്യാപകർ | |
| രസകരമായ ഗണിതശാസ്ത്ര പഠനവും ചലനശേഷിയുടെ വികാസവും | ഗണിതത്തെ കലാകായിക പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുന്നു. ഓരോ പാഠഭാഗവുമായി ബന്ധപ്പെടുത്തി സമചതുരം, ചതുരം, സ്തംഭങ്ങൾ എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിതാധ്യാപകർ ക്ലബ് ലീഡർമാർ മറ്റ് ക്ലബ് അംഗങ്ങൾ | ഗണിതക്ലബ് |
| ഗണിതപഠനപ്രവർത്തനങ്ങൾക്കുശാലകൾ | ഗണിതലാബ് സജ്ജമാക്കുന്നു. ലാബിൽ വച്ച് ക്ലാസ് എടുക്കുന്നു. | ആവശ്യാനുസരണം | ഗണിതാധ്യാപകരും ഗണിതക്ലബിലെ അംഗങ്ങളും. | |

| | | | | |
|---|---|---|---|---|
| ആധുനികശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ.ടി സാധ്യതകളിലൂടെ ജ്യാമിതീയരൂപങ്ങൾ ചതുഷ്ക്രിയകൾ സമാന്തരശ്രേണികൾ എന്നിവ പോലുള്ള പ്രവർത്തനങ്ങൾ ജിയോജിബ്ര ഉപയോഗിച്ച് കുട്ടികളിലേക്ക് എത്തിക്കുന്നു. | പാഠപുസ്തകത്തിനനുസരണമായി | ഗണിതാധ്യാപകർ | |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുന്നിലെത്തിക്കുന്നു. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുന്നിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിലൊരു പീരിഡ് | ഗണിതാധ്യാപകരും സമർത്ഥരായ കുട്ടികളും | |
| വിവിധശേഷികളുടെ വികസനം | ദിനാചരണം. ജൂൺമാസമുതൽ മാർച്ച് വരെ നടത്തേണ്ട ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

# 2024-25 വർഷം നടപ്പിലാക്കിയ പ്രവർത്തനങ്ങൾ.

- 03-06-2024 ൽ പി.ടി.എ പ്രസിഡന്റ് ശ്രീ അനിൽകുമാറിന്റെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ പ്രവേശനോത്സവം ഭംഗിയായി നടത്തി. വിവിധ മേഖലകളിലെ പ്രമുഖ വ്യക്തിത്വങ്ങൾ കുട്ടികൾക്ക് ആശംസ നേർന്നു. സ്കൂളിലെ സംഗീത അധ്യാപകനായ ശ്രീ ടി.കെ ശശിക്കുട്ട നേതൃത്വത്തിൽ നടന്ന വയലിൻ വിരുന്ന് ഏറെ ശ്രദ്ധേയമായിരുന്നു.

- മലയാളം ഭാഷ വായിക്കാനും എഴുതാനും കുട്ടികളെ കൊണ്ട് പത്രം വായി-ക്കാനും വാർത്ത എഴുതി അവതരിപ്പിക്കാനും മലയാള അധ്യാപകർക്ക് കഴിഞ്ഞു.

- ജൂൺ 5 പരിസ്ഥിതി ദിനത്തിന്റെ പ്രാധാന്യം മനസ്സിലാക്കാൻ. പ്രത്യേക അസംബ്ലി കൂടുകയും പോസ്റ്റർ നിർമ്മാണം, കുറിപ്പ് തയ്യാറാക്കൽ പ്രസംഗം ഉപന്യാസ മത്സരം ക്വിസ് എന്നിവ നടത്തി.

- ജൂൺ 13 ന് പേവിഷബാധ പ്രതിരോധ പ്രവർത്തനവുമായി ബന്ധപ്പെട്ട് പാണ്ടനാട് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ നിന്നെത്തിയ ഉദ്യോഗസ്ഥർ കുട്ടികൾക്കായി ബോധവത്കരണ ക്ലാസ് എടുത്തു.

- വായനാദിനവുമായി ബന്ധപ്പെട്ട് കുട്ടികളുടെ വിവിധ പരിപാടികൾ (ക്വിസ്, വായനാമത്സരം, പോസ്റ്റർ നിർമ്മാണം) സംഘടിപ്പിച്ചു.

- ലഹരി വിരുദ്ധ ദിനവുമായി ബന്ധപ്പെട്ട് റാലി, ക്വിസ്, പ്രസംഗം, പോസ്റ്റർ പ്ലക്കാർഡ് നിർമ്മാണം എന്നീ വിവിധ പരിപാടികൾ നടത്തി. പാണ്ടനാട് സ്കൂളിനെ ലഹരിമുക്ത സ്കൂളായി പഞ്ചായത്ത് പ്രഖ്യാപിച്ചു.
- ബഷീർ ദിനവുമായി ബന്ധപ്പെട്ട് ബഷീറിന്റെ കഥാപാത്രങ്ങളായി കുട്ടികൾ രംഗത്ത് വന്നു.

- ലോക ജനസംഖ്യാ ദിനത്തിൽ FM റേഡിയോയിലൂടെ ലോക ജനസംഖ്യാ ദിനം ഒരു അവലോകനം എന്ന പരിപാടി ദേവിക പ്രദീപ് അവതരിപ്പിച്ചു.

- മലാല ദിനം ഇംഗ്ലീഷ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഇംഗ്ലീഷ് അസംബ്ലിയോടു കൂടി നടത്തി. മലാലയുടെ പ്രസംഗം വൈഗ ബിജു മലാലയുടെ വേഷത്തിൽ അവതരിപ്പിച്ചു.

- ജൂലൈ 21 ചാന്ദ്രദിനം സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിവിധ പരിപാടികളോടെ സമുചിതമായി ആഘോഷിച്ചു.

- ജൂലൈ 24-ാം തീയതി 2024-25 അധ്യയന വർഷത്തെ വിദ്യാരംഗം കലാ-സാഹിത്യവേദിയുടെ പ്രവർത്തനോദ്ഘാടനവും റേഡിയോ ക്ലബ്ബിന്റെ ലോഗോ പ്രകാശനവും പ്രശസ്ത ആയുർവേദ ഡോക്ടറും സാഹിത്യനിരൂപകനും ആയ ഡോ. എം.എൻ

ചെറുനാഴ് ബുധനാർ നിർവഹിച്ചു.

- ആഗസ്റ്റ് 6 ന് ഹിരോഷിമ ദിനവും ആഗസ്റ്റ് 9 ന് ക്വിറ്റ് ഇന്ത്യാദിനം, ഗാന്ധി ദിനം, ആഗസ്റ്റ് 15 ന് ഇന്ത്യൻ സ്വാതന്ത്ര്യ ദിനം എന്നിവ സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ വിപുലമായി ആഘോഷിച്ചു.

- ആഗസ്റ്റ് 7 സംസ്കൃത ദിനം സംസ്കൃത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സമുചിതമായി ആഘോഷിച്ചു.

- സീഡ് ക്ലബ്ബിന്റെ നേതൃത്വത്തിലുള്ള കുട്ടിക്കൃഷിത്തോട്ടത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നു.

- ഓണാഘോഷ പരിപാടികളോടനുബന്ധിച്ച് കുട്ടികൾക്ക് പായസം നൽകി

- ഓണ പരീക്ഷയ്ക്ക് മുന്നൊരുക്കങ്ങൾ അധ്യാപകരുടെയും കുട്ടികളുടെയും പി.ടി.എ യുടെയും സഹകരണത്തോടെ നടത്തി.

- റിസൾട്ട് അവലോകനം നടത്തി കുട്ടികൾക്ക് നേരിട്ട ബുദ്ധിമുട്ടുകളും അതിനുള്ള പരിഹാര മാർഗ്ഗവും കണ്ടെത്തി.

- NAS Model Exam ചോദ്യശേഖരം പരിചയപ്പെടുത്തുകയും ചോദ്യങ്ങൾ ഉപയോഗപ്പെടുത്തി കുട്ടികൾക്ക് ചോദ്യ പ്രവർത്തനം നടത്തി. വിഷയത്തിന്റെ വിശകലനം എസ്.ആർ.ജി ൽ ചർച്ച ചെയ്ത് ആവശ്യമായ പിന്തുണ പരിപാടികൾ നടപ്പിലാക്കി. സ്കൂൾ വെബ്സൈറ്റ് രൂപീകരിച്ചിരുന്നു.

കായിക രംഗത്ത് സബ്ജില്ലാ മത്സരത്തിൽ ഓവറോൾ സെക്കന്റ് നേടാൻ സാധിച്ചു. സംസ്ഥാന ജൂഡോ ചാമ്പ്യൻഷിപ്പിൽ മത്സരിച്ച് അനന്യ എം നായർക്ക് അഞ്ചാം സ്ഥാനം നേടാൻ കഴിഞ്ഞു. ഉപജില്ല പ്രവർത്തി പരിചയ മേളയിൽ ഓവറോൾ ഫസ്റ്റും തുടർച്ചയായി പോയിന്റും നേടി ബെസ്റ്റ് സ്കൂളിന്റെ ട്രോഫിയും കരസ്ഥമാക്കി. ജില്ലാ പ്രവർത്തി പരിചയ മേളയിൽ സ്കൂളിലെ വിദ്യാർത്ഥികൾക്കും വിദ്യാർത്ഥിനികൾക്കും ഒന്നും രണ്ടും സ്ഥാനം നേടാൻ സാധിച്ചു. കലാമേളയിൽ ഉപജില്ല, ജില്ല, സംസ്ഥാനം എന്നിവയിൽ കുട്ടികളെ പങ്കെടുപ്പിച്ചു. സംസ്ഥാനതലത്തിൽ ഒപ്പനയ്ക്ക് A ഗ്രേഡ് കരസ്ഥമാക്കാൻ കഴിഞ്ഞു.

ജനുവരി 3-ാം തിയതി കൂടിയ പി.ടി.എ യോഗത്തിൽ കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി അവരെ 5 ഗ്രൂപ്പുകളായി തിരിച്ച് രാവിലെ 8:30 മുതൽ 9:30 വരെയും വൈകുന്നേരം 3:30 മുതൽ 5:30 വരെയും ക്ലാസ്സുകളെടുത്തു. 10-ാം ക്ലാസ്സിലെ കുട്ടികളെ കൂടുതൽ മികവിലെത്തിക്കാൻ

നൽകിയ പഠനവിഭവങ്ങൾ കുട്ടികൾക്ക് നൽകി.

ജനുവരി 17 ന് സ്കൂൾ വാർഷികം പ്രൗഢഗംഭീരമായി നടത്തി. വിവിധ മേഖലകളിൽ മിന്നിച്ച മിടുക്കന്മാർക്കും മിടുക്കികൾക്കും സമ്മാന വിതരണം ചെയ്തു. ആഘോഷങ്ങൾ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ ലൈവ് പ്രോഗ്രാം ചെയ്തു. 1000 കുട്ടികളെ ഉൾക്കൊള്ളുന്ന ഓഡിറ്റോറിയം നമ്മുടെ സ്കൂളിനുണ്ട്. 100 ൽ അധികം ഔഷധച്ചെടികൾ ഉള്ള ഔഷധത്തോട്ടം സംരക്ഷിക്കപ്പെടുന്നത്. വിദ്യാവനം ജനങ്ങളുടെയും ശ്രദ്ധ ആകർഷിക്കുന്ന ഒന്നായി മാറിക്കഴിഞ്ഞു. QR Code ഉൾപ്പെടുത്തിയ 250 ൽ പരം വൃക്ഷങ്ങൾ നിറഞ്ഞ ഒരു വനമായി വിദ്യാവനം മാറിക്കഴിഞ്ഞു. സ്കൂൾ മൊത്തം CCTV നിരീക്ഷണത്തിലാണ്. ചിങ്ങം 1 ന് കർഷകദിനം പഞ്ചായത്തിന്റെ സഹായത്തോടെ വിപുലമായ പരിപാടികളോടെ ആചരിച്ചു. കുട്ടികർഷകൻ ജുവൽ തോമസിനെ ആദരിച്ചു. ഉച്ചഭക്ഷണത്തിനാവശ്യമായ പച്ചക്കറിത്തോട്ടം സ്കൂളിലുണ്ട്.

## നമുക്ക് ഇനിയും വേണ്ടത്.

* മികച്ച ലൈബ്രറി - ഇപ്പോൾ ലൈബ്രറിയിൽ 2155 പുസ്തകങ്ങളെ ഉള്ളൂ. അത് 10000 പുസ്തകങ്ങൾ ആക്കണം. 2018 ലെ വെള്ളപ്പൊക്കത്തിൽ ലൈബ്രറി മുഴുവൻ നശിച്ചു പോയതാണ്. പൂർവ്വസ്ഥിതിയിലാക്കാൻ ഇതുവരെയും കഴിഞ്ഞിട്ടില്ല.

* കളിസ്ഥലം - ഇപ്പോൾ മികച്ച ഒരു കളിസ്ഥലം ഉണ്ട് എങ്കിലും അന്താരാഷ്ട്ര നിലവാരമുള്ള ഇൻഡോർ സ്റ്റേഡിയം ഉൾപ്പെടെയുള്ള ഒരു കളിസ്ഥലമാണ് സ്കൂൾ ആഗ്രഹിക്കുന്നത്.

* ഉച്ചഭക്ഷണവുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് ഇരുന്ന് കഴിക്കുവാനുള്ള ഭോജനശാല നിലവിലില്ല. 200 കുട്ടികൾക്കെങ്കിലും ഒരു സമയം ഇരുന്ന് കഴിക്കുവാനും കൈകഴുകുവാനും പറ്റുന്ന തരത്തിലുള്ള മികച്ച ഒരു ഭോജനശാല സ്കൂളിന് വേണം.
* ലാബുകളിൽ കൂടുതൽ സൗകര്യങ്ങൾ ആഗ്രഹിക്കുന്നു.
* UP ക്ലാസ് മുറികളിൽ കൂടി സ്പീക്കർ വയ്ക്കാനുള്ള സംവിധാനം ഉണ്ടാകണം

അന്താരാഷ്ട്ര നിലവാരത്തിലേക്ക് വിദ്യാലയം ഉയരണമെങ്കിൽ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ മികച്ചതായിരിക്കണം. ഇതിനായി ലഭ്യമായ സൗകര്യങ്ങൾ ഒരു വിദഗ്ധ സംഘത്തിലൂടെ പഠിച്ച് ഇനിയും ആവശ്യമുള്ള കെട്ടിടങ്ങൾ നിർമ്മിച്ചും നിലവിലുള്ളവ നവീകരിച്ചും മികവുറ്റ വിദ്യാലയം എന്ന ലക്ഷ്യത്തിലേക്ക് എത്തിച്ചേരാം.

യു.പി വിഭാഗത്തിലെ ക്ലാസ് മുറികളാണ് പ്രധാനമായും നവീകരിക്കേണ്ടത്. കൂടുതൽ വലിപ്പമുള്ള ക്ലാസ് മുറികളും പെയിന്റിങ്ങും വൈദ്യുതീകരിച്ചതുമായ ഹൈടെക് ക്ലാസ് റൂമുകൾ ഉണ്ടാകണം. രണ്ട് കുട്ടികൾക്ക് ഇരിക്കാവുന്ന ബെഞ്ചും ഡസ്കും അതോടൊപ്പം പുസ്തകങ്ങൾ വെയ്ക്കുന്നതിനുള്ള സൗകര്യങ്ങളും ബെഞ്ചിൽ ഉണ്ടാകണം. ക്ലാസ് ലൈബ്രറി സൗകര്യം സി.സി.ടി.വി, സൗണ്ട് സിസ്റ്റം, ചെരുപ്പുകൾ സൂക്ഷിക്കുന്നതിനുള്ള റാക്ക് മുതലായവ നിർമ്മിക്കേണ്ടിയിരിക്കുന്നു.

ക്ലാസ് മുറികൾ സ്ഥിതി ചെയ്യുന്ന ഓരോ കെട്ടിടങ്ങളോടും അനുബന്ധിച്ച് താഴെ നിലയിൽ ആൺകുട്ടികൾക്കും മുകളിൽ പെൺകുട്ടികൾക്കും ഉപയോഗിക്കാവുന്ന രീതിയിൽ ടോയ്‌ലറ്റ് കോംപ്ലക്സുകൾ നിർമ്മിക്കണം. ഇവയിൽ ജലത്തിന്റെ ലഭ്യത, പെൺകുട്ടികളുടെ ടോയ്‌ലറ്റിനോട് ചേർന്ന് ഇൻസിനേറ്റർ എന്നിവയും നിർമ്മിക്കേണ്ടത് ആവശ്യമാണ്.

ഭാവിപൗരന്മാരും കുട്ടികളുടെ ആവശ്യങ്ങൾക്ക് അനുസൃതവുമായ പുസ്തകങ്ങളുടെ ശേഖരം ലഭ്യമാകുന്ന ഒരു ലൈബ്രറി പ്രവർത്തിക്കേണ്ടതുണ്ട്. വായനശാലയും ഒരു സെമിനാർ ഹാളും ലൈബ്രറിയോട് ചേർന്ന് ഉണ്ടാകേണ്ടത് ആവശ്യമാണ്. വായന ആഗ്രഹിക്കുന്ന ആ സമൂഹത്തിലെ എല്ലാവർക്കും പ്രയോജനപ്രദമായ രീതിയിൽ ലൈബ്രറി പ്രവർത്തിക്കുന്നതിന് പ്രത്യേകം പരിശീലനം ലഭിച്ച ഒരു മുഴുവൻ സമയ ലൈബ്രേറിയൻ സ്കൂളിന് ആവശ്യമാണ്..

വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് പാർക്കിംഗ് ഏരിയയും, മതിലും ആവശ്യമാണ്. സ്കൂൾ കവാടം മനോഹരമാക്കി. കവാടത്തിൽ ഒരു സെക്യൂരിറ്റിയ്ക്ക് വേണ്ടുന്ന അനുബന്ധ സൗകര്യങ്ങളും ഉണ്ട്.

വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും (5 മുതൽ 12 വരെ) പ്രഭാത ഭക്ഷണവും ഉച്ചഭക്ഷണവും ഉൾപ്പെടെയുള്ള പോഷക സമൃദ്ധമായ ഭക്ഷണം പാചകം ചെയ്യുന്നതിന് ഹൈടെക് രീതിയിലുള്ള പാചകശാല നിർമ്മി

ണം. ഭക്ഷണം പാകം ചെയ്യുന്നതിനും വിതരണം ചെയ്യുന്നതിനും ഉള്ള പാത്രങ്ങളും ഭക്ഷണത്തിനാവശ്യമായ പലചരക്കും പച്ചക്കറികളും സൂക്ഷിക്കുന്നതിനാവശ്യമായ സ്റ്റോർ റൂമുകളും നിർമ്മിക്കേണ്ടതുണ്ട്.

ഏതൊരു സ്കൂളിലും ശുദ്ധമായ കുടിവെള്ള സൗകര്യം ലഭ്യമാക്കേണ്ടതാവശ്യമാണ്. പമ്പയാറിന്റെ തീരത്ത് സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയത്തിലെ കിണറിലെ വെള്ളം മലിനമാകാറുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിന് പഞ്ചായത്തുമായി ആലോചിച്ച് പൊതുജനങ്ങളും കുട്ടികളും കൂടി ലഭ്യമാക്കേണ്ടതാണ്. ഇത് ശുദ്ധീകരിക്കുന്നതിന് സ്കൂളിൽ ഫിൽട്ടറുകൾ സ്ഥാപിച്ചിട്ടുണ്ട്. മഴവെള്ളം ഉപയോഗിച്ച് കിണർ റീചാർജ്ജ് ചെയ്യുന്നത് കുടിവെള്ള ലഭ്യതയ്ക്ക് ഒരു മാർഗമാണ്.

എല്ലാ കുട്ടികൾക്കും സ്വയം പഠനം നടത്തി പഠിക്കാനുള്ള സൗകര്യത്തോടു കൂടിയ ക്ലാസ്സുകൾ വിഭാഗം ഐസിടി, ലബോറട്ടറി ഫിസിക്സ്, മാത്സ്, കമ്പ്യൂട്ടർ, ഭാഷാ ലാബുകൾ ക്രമീകരിക്കേണ്ടതാണ്. ഇവയിൽ ലാബിനാവശ്യമായ രാസവസ്തുക്കൾ, ഉപകരണങ്ങൾ, വൈദ്യുതി, ജലലഭ്യത, ബർണറുകൾ ഇൻകുബേറ്റർ ഗ്ലാസ്സ് മുതലായവയും ലഭ്യമാക്കണം. ആവശ്യമായ ഫർണിച്ചറുകൾ (മേശ, കസേര, അലമാരകൾ, റാക്കുകൾ) സജ്ജമാക്കണം. വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിന് ജനറേറ്റർ സൗകര്യം ലഭ്യമാക്കണം.

ശലഭ ഉദ്യാനം, ഔഷധ ഉദ്യാനം, പൂന്തോട്ടം, പച്ചക്കറിത്തോട്ടം, ചോല കാട്, അക്വേറിയം, മത്സ്യങ്ങൾ വളർത്താനായി ചെറിയ കുളം, ചെറിയ ജലാശയം മുതലായവ ഉൾപ്പെടെ ഒരു ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കണം. കുട്ടികളുടെ പാഠഭാഗവുമായി ബന്ധപ്പെട്ട സസ്യങ്ങൾ ലഭ്യമാകത്തക്ക വിധം ഇത് സജ്ജീകരിക്കണം. വന വൃക്ഷങ്ങളും, ഫലവൃക്ഷങ്ങളും, ഔഷധ വൃക്ഷങ്ങളും ക്യാമ്പസിന്റെ വിവിധ ഭാഗങ്ങളിലായി വച്ചുപിടിപ്പിക്കണം.

പമ്പാ നദിയുടെ തീരത്ത് സ്ഥിതി ചെയ്യുന്നതിനാൽ വിദ്യാലയത്തിലെ ഭൂരിഭാഗം കുട്ടികളും നീന്തലറിയാവുന്നവരാണ്. നീന്തൽ അറിയാൻ പാടില്ലാത്ത കുട്ടികളെ കൂടി ഇവരുടെ സഹായത്തോടു കൂടി നീന്തൽ പരിശീലിപ്പിക്കുന്നതിന് നീന്തൽ കുളം ആവശ്യമാണ്.

ശുചിത്വം, യോഗ ക്ലാസ്സുകൾ, കരാട്ടെ മുതലായവയിൽ പരിശീലനം
നൽകുന്നതിനാവശ്യമായ കെട്ടിടങ്ങളോടൊപ്പം പരിശീലകർക്കാവശ്യമായ ഡ്രസ്സിംഗ്
റൂം, ആൺ-പെൺ കുട്ടികൾക്ക് പ്രത്യേകം ഡ്രസ്സിംഗ് റൂം, കാന്റീൻ
മുതലായവ അടങ്ങിയ കെട്ടിടം കളിസ്ഥലത്തോടനുബന്ധിച്ച് ഉണ്ടാകണം.
ഇൻഡോർ സ്റ്റേഡിയം, മൾട്ടി പർപ്പസ് ഗ്യാലറികളോടു കൂടിയ കളിസ്ഥല
ങ്ങളിവ നിർമ്മിക്കേണ്ടിയിരിക്കുന്നു. നീന്തൽ കുളത്തിന് വലിയ സ്ഥല
സൗകര്യം ഇല്ലാത്തതിനാൽ മാനേജ്മെന്റ് ഇതിനുള്ള നടപടി കൈക്കൊള്ളണം.

സ്കൂളിന്റെ വികസനത്തിനാവശ്യമായ അക്കാദമിക പ്രവർത്തന-
ങ്ങൾക്ക് ഭൗതിക സൗകര്യങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിന് പിടിഎ
പൂർവ്വ വിദ്യാർത്ഥികൾ, പൂർവ്വ അദ്ധ്യാപകർ, ഗ്രാമവാസികൾ, ത്രിതല പഞ്ചായത്ത്
ജനപ്രതിനിധികൾ, സ്കൂൾ മാനേജ്മെന്റ്, മറ്റ് പ്രാദേശിക സ്ഥാപനങ്ങൾ
എന്നിവരുടെയൊക്കെ പിന്തുണ ആവശ്യമാണ്. ഇവരുടെ കൂട്ടായ്മയിലൂടെയും
ചർച്ചയിലൂടെയും സാമൂഹിക പങ്കാളിത്തം ഉറപ്പു വരുത്തിയാൽ മാത്രമേ
വിദ്യാലയം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയരുകയുള്ളൂ. സമൂഹത്തിന്
കൂടി ഉപകരിക്കുന്ന വിധത്തിൽ വിദ്യാലയത്തെ മാറ്റിയെടുക്കണമെ
ങ്കിൽ മുകളിൽ പറഞ്ഞവരുടെയെല്ലാം സഹകരണം ഉറപ്പു വരുത്തേ
ണ്ടിയിരിക്കുന്നു. ഇടയിൽ ഒരു പ്രാവശ്യമെങ്കിലും ഇത്തരം ഒത്തുചേരലു
കൾക്ക് അവസരം ഒരുക്കേണ്ടത് വിദ്യാലയത്തിന്റെ കടമയാണ്.

## 8. ഉപസംഹാരം

വിദ്യാലയത്തിനെ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ട് തയ്യാറാക്കിയ ഒരു ഉപകരണമാണിത്. കുട്ടികളെ അവരവർക്കും സമൂഹത്തിനും നാടിനും വേണ്ടി പ്രവർത്തിക്കുന്നവരാക്കി മാറ്റാൻ വരും കാലഘട്ടങ്ങളിൽ നമുക്ക് കഴിയും എന്ന് വിശ്വസിക്കുന്നു. സ്വയം തൊഴിൽ കണ്ടെത്തുന്നതിന് അവർക്ക് പ്രാപ്തിയുണ്ടാവും. എല്ലാ വിഭാഗത്തിലുമുള്ള കുട്ടികളെയും സ്കൂളിലേക്ക് എത്തിക്കാൻ കഴിയുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിരുന്നു. സാങ്കേതിക മേഖലയിൽ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയരാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിന് കഴിയും. പുതിയ തലമുറയെ കീഴടക്കുന്ന ലഹരിയിൽ നിന്നും മുക്തി നേടി ഉയർന്ന ജീവിത നിലവാരത്തിലേക്ക് എത്തിച്ചേരും എന്ന് പ്രതീക്ഷിച്ചു കൊണ്ടാണ് ഈ പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. അന്തർലീനമായിരിക്കുന്ന സർഗ്ഗാത്മക ശേഷിയെ ഉണർത്തുവാനും അധ്യാപകർക്ക് ഈ പദ്ധതിയിലൂടെ കഴിയുമെന്നും വിശ്വസിക്കുന്നു.
“ഉണർന്നിരിക്കുമ്പോൾ കാണുന്ന സ്വപ്നങ്ങൾ നമ്മെ ഉയർച്ചയിലേക്ക് നയിക്കും”. നമ്മുടെ മുൻ രാഷ്ട്രപതിയുടെ ഈ വാക്കുകൾ നെഞ്ചിലേറ്റി നമുക്ക് ചിറകുകൾ വിടർത്താം സ്വപ്നങ്ങളിലേക്ക് പറക്കാം.